**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 130** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രിയദർശിനി പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എം. എം. നസീർ

ശ്രീമതി ഉമ തോമസ്

ശ്രീ. സേനാപതി വേണു

ശ്രീ. വി. ടി. സൂരജ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നടപ്പാക്കിയ പ്രിയദർശിനി പദ്ധതിയിലൂടെ വനിതാ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർധനയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. പദ്ധതി ആരംഭിച്ച 15.06.2026 മുതൽ 07.10.2026 വരെയുള്ള 115 ദിവസങ്ങളിൽ ആകെ 14,99,83,738 വനിത / ട്രാൻസ്ജെൻഡർ യാത്രക്കാർ സൗജന്യമായി യാത്ര ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം, പ്രതിദിനം ശരാശരി 13.04 ലക്ഷം വനിത / ട്രാൻസ്ജെൻഡർ യാത്രക്കാർ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്. കൂടാതെ പദ്ധതി നടപ്പാക്കുന്നതിനു തൊട്ടു മുമ്പുള്ള കാലയളവിൽ (01.06.2026 മുതൽ 14.06.2026 വരെ) ഓർഡിനറി സർവീസുകളിലെ വനിത യാത്രക്കാരുടെ പ്രതിദിന ശരാശരി 6.48 ലക്ഷം മാത്രമായിരുന്നു. അതായത് 101 ശതമാനത്തിന്റെ വർധനവ് ഉണ്ടായിട്ടുണ്ട്.

**(ബി)** ഗവി, നെല്ലിയാമ്പതി, പൊന്മുടി, മലക്കപ്പാറ തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള വനിതാ യാത്രക്കാരുടെ എണ്ണത്തിൽ ഈ പദ്ധതി നടപ്പാക്കിയതിനെ തുടർന്ന് വർധനയുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് സർവീസ് നടത്തുന്ന ഓർഡിനറി ഷെഡ്യൂളുകളിലെ യാത്രക്കാരുടെ എണ്ണം പദ്ധതിക്ക് മുമ്പും ശേഷവും താരതമ്യം ചെയ്ത് കെ.എസ്.ആർ.ടി.സി. പ്രത്യേക പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് സർവ്വീസ് നടത്തിയ 19 ഷെഡ്യൂളുകൾ ഉൾപ്പെടുത്തി, 01.06.2026 മുതൽ 14.06.2026 വരെയുള്ള കാലയളവും 01.09.2026 മുതൽ 17.09.2026 വരെയുള്ള കാലയളവും തമ്മിൽ, സർവീസ് നടത്തിയ ഒരു ദിവസത്തെ ശരാശരി അടിസ്ഥാനത്തിൽ നടത്തിയ താരതമ്യത്തിൽ, വനിത യാത്രക്കാരുടെ എണ്ണം 3,128-ൽ നിന്ന് 6,061 ആയി 94 ശതമാനം വർധിച്ചതായി കാണുന്നു.

**(സി)** പൊതുഗതാഗതത്തെ കൂടുതൽ പേർ ആശ്രയിച്ചതോടെ സ്വകാര്യ വാഹനങ്ങളുടെ ഉപയോഗവും കാർബൺ പുറന്തള്ളലും കുറഞ്ഞിട്ടുണ്ടോ എന്നത് പഠനവിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഇല്ല. പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി നടപ്പിലാക്കിയതിന് ശേഷം കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീ യാത്രക്കാരുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ സ്വന്തം വാഹനങ്ങളിൽ യാത്ര ചെയ്തിരുന്നവർ പബ്ലിക് ട്രാൻസ്പോർട്ടിലേയ്ക്ക് മാറിയതിന്റെ ഫലമായി കാർബൺ എമിഷനിലും ഗതാഗത കുരുക്കിനും കാര്യമായ കുറവ് ഉണ്ടായതായി പൊതുവെ കരുതുന്നു.

**സെക്ഷൻ ഓഫീസർ**